പുറമ്പോക്കുസ്ഥലങ്ങൾ

൨൯൪. (൪൨) ശ്രീ. പി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമ്പലപ്പുഴ, ചങ്ങനാശ്ശേരി, തിരുവല്ല, മാവേലിക്കര, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽ സ്ഥിതി ചെയ്യുന്ന ആറടിപുറമ്പോക്കുകളുടേയും, തോട്ട പുറമ്പോക്കുസ്ഥലങ്ങളുടേയും വിസ്തീർണ്ണമെന്ത് ;

(ബി) ഇവയിൽ ഗവൺമെണ്ടു കുത്തകപ്പാട്ടവ്യവസ്ഥയിൽ ജനങ്ങൾക്കു ഓരോ താലൂക്കിലും കൊടുത്തിട്ടുള്ളവ എത്ര ഏക്കർ?

ശ്രീ. എ. ജെ. ജോൺ :

(എ) ആറടിപുറമ്പോക്കുകളുടേയും, തോട്ടപുറമ്പോക്കുകളുടേയും വിസ്തീർണ്ണം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Questions posted for answer on 10—3—1950

TOTAL AMOUNT OF FOOD NEEDED FOR THE STATE

215. [2] **Sri. P. T. Chacko :** Will the Hon'ble Minister for Civil Supplies be pleased to state.—

(*a*) the total amount of food in tons needed for the State in one year ;

(*b*) the total amount of food-grains produced in the State in the year 1949 :

(*c*) the total amount of food-grains estimated to be produced in the State in the year 1950 ;

(*d*) the total amount spent by Government towards Grow More Food in the year 1949 ;

(*e*) the total amount of food-grains allotted for the State by the Government of India in 1949 and 1950 ?

Sri. Panampilli Govinda Menon :

(*a*) 7,51,000 tons (cereals).

(*b*) 2,45,000 tons rice.

(*c*) 3,08,000 tons rice.

(*d*) Information is being collected.

(*e*) *1949.* Effective quota for 1949 was 3,39,000 tons against a ceiling import quota of 3,70,000 tons.

1950. Ceiling quota for 1950 is 3,00,000 tons.

അഷ്ടമിച്ചിറ ഹൈസ്കൂൾ

൨൯൫. (൩൨) ശ്രീ. ഇട്ടീര അസ്സൻകുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഷ്ടമിച്ചിറ ഹൈസ്കൂൾ അനുവദിച്ചപ്പോൾ പെൺകുട്ടികളെ ചേർക്കരുതെന്നു വല്ല പ്രത്യേക നിബന്ധനയും ഉണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നെങ്കിൽ അതിനു കാരണം എന്ത് ;

(സി) ധാരാളം പെൺകുട്ടികളെ ഹൈസ്കൂൾ ക്ലാസ്സുകളിൽ അഷ്ടമിച്ചിറ സ്കൂളിൽ ചേർത്തിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവൺമെണ്ടിനറിയാമോ ;

(ഡി) ഇപ്പോൾ പെൺകുട്ടികളെ ടി. സി. കൊടുത്തു പറഞ്ഞയക്കുവാൻ വല്ല കല്പനയും ഉണ്ടായിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളിന്റെ മാനേജ്മെൻറ് നടത്തുന്നതാരാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) പെൺകുട്ടികളെ ചേർക്കുന്ന കാര്യത്തിൽ അടുത്ത സ്ഥലമായ സെൻറ് മേരീസ് ഹൈസ്കൂൾ കഴിക്കാട്ടുശ്ശേരിയുമായി മത്സരിക്കുന്നതിനു ഇടയാക്കരുതെന്ന കരുതിയാണ് പ്രത്യേകനിബന്ധന വച്ചതു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഞ്ചു കുട്ടികൾ മാത്രം ൪-ാം ഫാറത്തിൽ ഉള്ളതായി ഗവണ്മെണ്ടിനു റിപ്പോർട്ട് കിട്ടീട്ടുണ്ട്. ഇവരെ പുതുതായി ചേർത്തതല്ല. ആ സ്കൂളിലെ ൩-ാംക്ലാസ്സിലെ കുട്ടികൾ ക്രമപ്രകാരം പ്രമോഷൻ കിട്ടി ൪-ാംഫാറത്തിൽ എത്തിയവരാണ്.

(ഡി) ഇല്ല.

(ഇ) ശ്രീ. കവണപ്പിള്ളിൽ ഗോവിന്ദപ്പണിക്കർ.

കൊച്ചി ഡിവിഷനിൽ പുതുതായി എയിഡു കൊടുത്തിട്ടുള്ള സ്കൂളുകൾ

൨൧൭. (൪) ശ്രീ. ഇട്ടിര അമ്മുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൮, ൧൯൪൯ എന്നീ വർഷങ്ങളിൽ കൊച്ചി ഡിവിഷനിൽ പുതുതായി ഗവണ്മെണ്ടിൽനിന്നും "എയിഡു" കൊടുത്തിട്ടുള്ള ഹൈസ്കൂളുകളെത്ര; ലോവർസെക്കണ്ടറി സ്കൂളുകൾ എത്ര;

(ബി) അപ്രകാരം "എയിഡ്" കൊടുത്തിട്ടുള്ള സ്കൂളുകളുടെ പേരുകളും ടി സ്കൂൾ മാനേജരന്മാരുടെ പേരുകളും എതെല്ലാം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഹൈസ്കൂൾ ഒന്നു്. ലോവർ സെക്കണ്ടറി സ്കൂൾ ഒന്നു്.

(ബി) (൧) സെൻറ് ഫ്രാൻസിസു് ഹൈസ്കൂൾ, മഠം.

(൨) ലോവർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം.

(൧) റവ: ഫാദർ ജയിക്കബ്ബു് അറക്കൽ, മാനേജർ സെൻറ ഫ്രാൻസിസു് ഹൈസ്കൂൾ, മഠം.

(൨) ശ്രീ. ടി. മാധവൻനായർ, മാനേജർ, ലോവർസെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം.

രാമൻചിററോഡു്

൨൧൮. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇമ്പമൺ കോഴഞ്ചേരി റോഡിൽ രാമൻചിറ എന്ന സ്ഥലത്തു് റോഡു സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണെന്നു ഗവണ്മെണ്ടിനറിയാമോ, അതു എത്രനാളായി സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നു ;

(ബി) ആ റോഡിൻെറ വളവു് തീർക്കുന്നതിനായി പൊന്നുംവില കൊടുത്തു് സ്ഥലം എടുത്തിട്ടുണ്ടോ , എത്ര സെൻറ സ്ഥലം എടുത്തു; പൊന്നുംവില കൊടുത്ത സംഖ്യ എത്ര;

(സി) സ്ഥലം എടുത്തതു് എന്നാണെന്നും അതിപ്പോൾ ആരുടെ കൈവശമാണെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ഡി) അവിടെ റോഡിൻെറ വളവു തീർക്കുന്നതിനും പാലം കെട്ടുന്നതിനും എത്ര ചിലവു വരുമെന്നു പറയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് :

(എ) അറിയാം. ഇതുവരെ സഞ്ചാരയോഗ്യമായിട്ടില്ല.

(ബി) ഇല്ല. വ൨ സെൻറ് എടുക്കാൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. പൊന്നുംവില കൊടുത്തിട്ടില്ല.

(സി) എടുത്തിട്ടില്ല. സ്ഥലം ഇപ്പോൾ അതാതു ഭൂമിയുടമസ്ഥന്മാരുടെ കൈവശമിരിക്കുന്നു.

(ഡി) ഉദ്ദേശം ൨ ൽ,൨൫ ൦ രൂപാ ചിലവാകും.

കിടങ്ങന്നൂർ—ഇലവന്തിട്ട റോഡു്

൨൧൯. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കിടങ്ങന്നൂർ ചന്തയിൽനിന്നും ഇലവന്തിട്ട ചന്തയിലേക്കുമെഴുവേലിയിൽക്കൂടെയുള്ള റോഡു് വാഹനങ്ങൾക്കു ഗതാഗതയോഗ്യമല്ലാതെ കിടക്കുകയാണെന്നു ഗവണ്മെണ്ടിനറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly